DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

18-11-2019

# കാർഷികമേഖലാവാർത്തകൾ

## ഫാം ഇൻഫർമേഷൻ ബ്യൂറോ 50-ാം വാർഷികം

കാർഷിക വിജ്ഞാനവ്യാപനത്തിന്റെയും ആധുനിക ഫാം ജേർണലിസത്തിന്റെയും ചാലകശക്തിയായ ഫാം ഇൻഫർമേഷൻ ബ്യൂറോ 50 വർഷം പൂർത്തിയാക്കുകയാണ്. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളുടെ മുഖമായ ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ സുവർണജൂബിലി ആഘോഷത്തോടനുബന്ധിച്ച് മാധ്യമ സെമിനാർ, ഫാം ഇൻഫർമേഷൻ ബ്യൂറോ - 'കാർഷിക വിജ്ഞാന വ്യാപനത്തിന്റെ സുവർണ്ണ ഏടുകൾ' പുസ്തക പ്രകാശനം, വീഡിയോ പ്രകാശനം, എക്സിബിഷൻ, ഫാം ഇൻഫർമേഷൻ കുടുംബത്തിലെ അംഗങ്ങളുടെ ഒത്തുചേരൽ എന്നിവ സംഘടിപ്പിച്ചിരിക്കുന്നു. സുവർണ്ണജൂബിലി ആഘോഷത്തിന്റെ ഉദ്ഘാടനം നാളെ (19.11.2019) വൈകിട്ട് 5 മണിയ്ക്ക് തിരുവനന്തപുരത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയേഴ്സ് ഹാളിൽ വച്ച് കൃഷിവകുപ്പ് മന്ത്രി വി. എസ്. സുനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ കേരളാ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കുന്നു. മാധ്യമ രംഗത്തെ പ്രഗത്ഭർ, സാമൂഹിക രാഷ്ട്രീയ രംഗത്തെ പ്രമുഖർ, കർഷകർ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കുന്നു.

## കാർഷികസർവ്വകലാശാലയിലെ ഇൻസ്ട്രക്ഷണൽഫാമിൽ അക്വാപോണിക്സിന്റെ 3 ദിവസത്തെ പരിശീലനപരിപാടി

ഹൈടെക് റിസർച്ച് ആന്റ് ട്രെയിനിങ് യൂണിറ്റ് ഹാൾ, ഇൻസ്ട്രക്ഷണൽഫാം വെള്ളാനിക്കരയിൽ വെച്ച് പച്ചക്കറികൃഷിക്കൊപ്പം മീൻ വളർത്തൽ കൂടി സാധിക്കുന്ന അക്വാപോണിക്സ് എന്ന കൃഷിരീതിയിൽ 3 ദിവസത്തെ പരിശീലനപരിപാടി ഈ മാസം 26 മുതൽ 28 വരെയുള്ള തിയ്യതികളിൽ നടത്തുന്നതാണ്. വിവിധതരം അക്വാപോണിക്സ് സിസ്റ്റം,-രൂപകൽപ്പനകൾ, പ്രവർത്തന - ഉപയോഗ - പരിപാലന രീതികൾ, ഇൻസ്റ്റലേഷൻ, രോഗകീടനിയന്ത്രണം, വിളകളുടെ പരിപാലനം, എന്നിവയെ കുറിച്ച് വിദഗ്ധർ ക്ലാസ്സുകൾ എടുക്കുന്നതായിരിക്കും. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ **7025498850** എന്ന നമ്പറിൽ **രാവിലെ 10 മണി മുതൽ 4മണി വരെ** ബന്ധപ്പെടുക.

## ഫാം ഇൻഫർമേഷൻ ബ്യൂറോ വിവിധ മത്സരങ്ങൾക്കായി എൻട്രികൾ ക്ഷണിക്കുന്ന അവസാന തീയതി ഈ മാസം 30 വരെ നീട്ടി

കൃഷിവകുപ്പിന്റെ **ഫാം ഇൻഫർമേഷൻ ബ്യൂറോ ലേഖനരചന, ചെറുകഥാരചന, വീഡിയോ, ഫോട്ടോഗ്രാഫി മത്സരങ്ങൾക്കായുള്ള എൻട്രികൾ ക്ഷണിക്കുന്ന അവസാന തീയതി ഈ മാസം** 30 വരെ നീട്ടിയതായി ഫാം ഇൻഫർമേഷൻ ബ്യൂറോ അറിയിച്ചു. **ടി.വി.ചാനൽ, അമച്വർ വിഭാഗത്തിലായി 'മണ്ണിൽ തളിരിട്ട ജീവിതങ്ങൾ'** എന്ന വിഷയത്തിൽ **ഡിജിറ്റൽ വീഡിയോ മത്സരം 2019-ഉം 'കൃഷിയിലെ വേറിട്ട കാഴ്ചകൾ'** എന്ന വിഷയത്തിൽ **ഡിജിറ്റൽ ഫോട്ടോഗ്രാഫി മത്സരവും**

**(പൊതുവിഭാഗം) സംഘടിപ്പിക്കുന്നു.** കൂടാതെ **ഹൈസ്കൂൾ, ഹയർസെക്കൻഡറി വിഭാഗം കുട്ടികൾക്കായി 'കാലാവസ്ഥ വ്യതിയാനവും പ്രത്യാഘാതങ്ങളും'** എന്ന വിഷയത്തിൽ **കാർഷിക ലേഖനരചനാ മത്സരവും 'ഭക്ഷണ സംസ്കാരവും കൃഷിയും'** എന്ന വിഷയത്തിൽ **കാർഷിക ചെറുകഥാരചനാ മത്സരവും സംഘടിപ്പിക്കുന്നു.** എൻട്രികൾ എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ പി.ഒ തിരുവനന്തപുരം 695003 എന്ന വിലാസത്തിലോ ഹാർഡ് ഡിസ്ക്, പെൻഡ്രൈവ് വഴി നേരിട്ടോ, fibshortfilmcontest@gmail.com എന്ന ഇ-മെയിലിലോ, ഗൂഗിൾ ഡ്രൈവ്, 9809278052 എന്ന വാട്ട്സപ്പ് നമ്പറിലോ, fib video contest,fib kerala എന്ന ഫേസ്ബുക്ക് പേജിൽ messenger വഴിയോ അയക്കാം. **കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ: 0471 – 2314358**

## പരിശീലനം

ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ചു വരുന്ന പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 18,19,21,22 തീയതികളിൽ മുട്ടക്കോഴി വളർത്തൽ എന്ന വിഷയത്തിൽ സൗജന്യ പരിശീലനം നൽകുന്നു. താൽപര്യമുള്ള കർഷകർ ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയുമായി ബന്ധപ്പെട്ട് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0479–2457778 എന്ന നമ്പരിൽ ബന്ധപ്പെടുക.

## ഉണക്കറബ്ബർതൂക്കം തിട്ടപ്പെടുത്തുന്നതിൽ പരിശീലനം

റബ്ബർപാലിലെ ഉണക്കറബ്ബർതൂക്കം (ഡി.ആർ.സി.) തിട്ടപ്പെടുത്തുന്നതിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. തോട്ടങ്ങളിൽനിന്നുള്ള റബ്ബർപാൽ, സാന്ദ്രീകൃത റബ്ബർപാൽ എന്നിവയുടെ ഡി.ആർ.സി. കണക്കാക്കുന്നതിലുള്ള പരിശീലനം നവംബർ 26, 27 തീയതികളിൽ കോട്ടയത്തുള്ള റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടക്കും. പരിശീലനഫീസ് 2000 രൂപ. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപെട്ടവർക്ക്, ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം, ഫീസിൽ 50 ശതമാനം ഇളവു ലഭിക്കുന്നതാണ്. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 300 രൂപ അധികം നൽകണം. റബ്ബർമേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന കെമിസ്റ്റുകൾക്കും അനലിസ്റ്റുകൾക്കും പരിശീലനം പ്രയോജനം ചെയ്യും. പരിശീലന മാധ്യമം മലയാളം ആയിരിക്കും. പരിശീലനഫീസ് ഡയറക്ടർ -ട്രെയിനിങ്, റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയം - 686 009 എന്ന പേരിൽ സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ എന്ന അക്കൗണ്ടിലേക്ക് അടയ്ക്കാം. പണമടച്ചതിന്റെ വിശദാംശങ്ങളും അപേക്ഷകന്റെ ഫോൺ നമ്പരും ഇമെയിലായി training@rubberboard.org.in-ലേക്ക് അയക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് എന്നീ ഫോൺ നമ്പരുകളിൽ : 0481-2353127, 2351313 ബന്ധപ്പെടുക.